# ജാമക്കാരൻ
# JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 9
SEPTEMBER - 2024 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333

ജാമക്കാരൻ JAMAKKARAN

സ്നേഹം നിറഞ്ഞ വായനക്കാർക്ക്,



നിങ്ങൾ എല്ലാവരും എനിക്കും എന്റെ ശുശ്രൂഷകൾക്കും വേി പ്രാർത്ഥിക്കുന്നതിനും സാമ്പത്തിക സഹായങ്ങൾക്കും നന്ദി പറയുന്നു. ഞാൻ നിങ്ങൾ എല്ലാവർക്കും വേി പ്രാർത്ഥിക്കുന്നു. കഴിഞ്ഞ ചില മാസങ്ങളായി നിങ്ങൾക്ക് 3/4 മാസത്തെ മാസിക ഒരുമിച്ച് അയയ്ക്കുവാൻ സാധിച്ചു.

ജാമക്കാരൻ മാസികാ വായനക്കാരായ നിങ്ങൾക്കായി ആത്മീയ സന്ദേശങ്ങളും ലേഖനങ്ങളും തിരഞ്ഞെടുത്ത് നിങ്ങളുടെ ആത്മീക വർദ്ധനയ്ക്കായി അയച്ചു തരുന്നു. ഇപ്പോൾ

SEPTEMBER - 2024

മാസിക വായനക്കാരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. കാരണം, ഇന്നത്തെ തലമുറയ്ക്ക് വായനയോടും ദൈവീക സന്ദേശങ്ങൾ കേൾക്കുന്നതിനോടുമുള്ള താല്പര്യങ്ങൾ കുറഞ്ഞിരിക്കുകയാണ്. എന്നാലും ജാമക്കാരൻ മാസികാ വായനക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നതിൽ ദൈവത്തിന് നന്ദി പറയുന്നു. പ്രാർത്ഥനയും വേദപുസ്തക വായനയും നിങ്ങൾ ഒരിക്കലും കുറയ്ക്കരുത്. ഈ മാർഗ്ഗമാണ് നിങ്ങളെ ദൈവവുമായി ബന്ധപ്പെടുത്തുന്നത്. പരിശുദ്ധാത്മാവ് നിങ്ങളെ, സകല വീഴ്ചകളിൽ നിന്നും, തളർച്ചയിൽ നിന്നും താങ്ങി നടത്തുമാറാകട്ടെ. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA** (SRIRANGAPALAYAM BRANCH)

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ദൈവം സൃഷ്ടിച്ച ഒന്നാമത്തെ കുടുംബം

ഭർത്താവും ഭാര്യയും യോജിച്ച് പ്രവർത്തിക്കണം

ദൈവത്തിന്റെ മനസ്സിൽ രൂപംകൊ കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നത് നല്ലതാണ്. ആദിയിൽ ദൈവം കുടുംബത്തെ സൃഷ്ടിച്ചു. കുടുംബങ്ങൾ വഴിയായി തന്നെ ലോകത്തിൽ ദൈവം തന്റെ ആഗ്രഹത്തെയും ഇഷ്ടത്തെയും നിറവേറ്റുവാൻ അവൻ ഇഷ്ടപ്പെട്ടിരിക്കുന്നു. പക്ഷേ, മനുഷ്യനോ ദൈവത്തിന്റെ പദ്ധതികളെ തകർത്തുകളഞ്ഞു എന്ന് നമുക്ക് വായിക്കുവാൻ കഴിയുന്നു.

ഉല്പത്തി പുസ്തകം 3–ാം അദ്ധ്യായം 1 മുതൽ 5 വരെയുള്ള വചനം നിങ്ങൾ വായിക്കണം. ദൈവം സൃഷ്ടിച്ച എല്ലാ ചരാചരങ്ങളിലും പാമ്പ് കൗശലമേറിയതായിരുന്നു. ഈ പാമ്പ് ഏദെൻ തോട്ടത്തിൽ എങ്ങനെയാണ് വന്നത്? ദൈവത്തിന് മൂന്ന് ദൂതന്മാർ ഉായിരുന്നു. അതിൽ ഒരാളാണ് ലൂസിഫർ. ദൈവത്തിനു തുല്യമായി പ്രവർത്തിക്കണമെന്ന് സർപ്പം ആഗ്രഹിച്ചു. അവന്റെ നിഗളത്തെയും അഹംഭാവത്തെയും ഇഷ്ടപ്പെടാത്ത ദൈവം അവനെ സ്വർഗ്ഗത്തിൽ നിന്നും പുറന്തള്ളി. അങ്ങനെ പുറത്താക്കപ്പെട്ടതാണ് ഈ സർപ്പം. ദൈവം ആഗ്രഹിക്കുന്ന പ്രവർത്തനങ്ങൾക്കെല്ലാം വിപരീതമായി പ്രവർത്തിക്കുന്നതാണ് അവനിഷ്ടം. അതിനാലാണ് അവനെ എതിർ ക്രിസ്തു എന്ന് വിളിക്കുന്നത്. സർപ്പമായ പിശാച്, ഹവ്വായെ നോക്കി, നിങ്ങൾ തോട്ടത്തിലുള്ള സകല വൃക്ഷങ്ങളുടേയും ഫലം കഴിക്കാം. എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം നിങ്ങൾ കഴിക്കരുത് എന്ന് ദൈവം പറഞ്ഞത്

സത്യമാണോ? നിങ്ങൾ മരിക്കാതിരിപ്പാൻ അതിലെ ഫലം കഴിക്കരുതെന്ന് ദൈവം പറഞ്ഞു എന്ന് സ്ത്രീ മറുപടി പറഞ്ഞു. സർപ്പം പറഞ്ഞു, അത് കഴിച്ചാൽ നിങ്ങൾ മരിക്കയില്ല. കഴിച്ചാൽ, നിങ്ങളുടെ കണ്ണുകൾ തുറന്ന് ദൈവത്തെപ്പോലെ ആകും എന്നു പറഞ്ഞു.

ഈ സന്ദർഭം നാം നോക്കുമ്പോൾ തന്നെ മനുഷ്യനിൽ പാപം എങ്ങനെ കടന്നുവന്നുവെന്ന് നമുക്ക് മനസ്സിലാകും. ഈ പരീക്ഷ ഹവ്വയ്ക്ക് വന്നപ്പോൾ, അതിൽനിന്നും നാം പഠിക്കേ കാര്യം എന്തെന്നാൽ, ഹവ്വ ഇവിടെ ഒറ്റയ്ക്ക് ഇരിക്കുന്നു. ആദാം സമീപത്ത് ഇല്ലായിരുന്നു. ആദാമിന് തുണയായി എന്നും ആയിരിക്കുവാനാണ് ദൈവം ആദാമിനേയും ഹവ്വയെയും സൃഷ്ടിച്ചത്. പക്ഷേ ഇവിടെ ഹവ്വ ഒറ്റയ്ക്കിരിക്കുന്നത് പിശാച് കു. ദൈവം പറഞ്ഞ കാര്യത്തിന് വിരോധമായി, ഈ ഫലം ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകും എന്ന് പറഞ്ഞ് പ്രലോഭിപ്പിച്ചതിനാലാണ് ഹവ്വ ഇവിടെ പാപത്തിൽ വീണത്.

ഇതിൽ നിന്നും നാം പഠിക്കേ കാര്യം, രുപേരും ഒന്നായി ചേർന്ന് ജീവിക്കുവാൻ വേിയാണ് ദൈവം സൃഷ്ടിച്ചത്. അതിനാൽ നാം ഒരിക്കലും ഒറ്റയ്ക്ക് തീരുമാനങ്ങളൊന്നും എടുക്കരുത്. പ്രധാന കാര്യങ്ങൾ ഭാര്യയും ഭർത്താവും ഒരുമിച്ചുകൂടി ആലോചിച്ച് തീരുമാനങ്ങൾ എടുക്കുമ്പോൾ അത് പ്രാവർത്തികമാക്കുവാൻ വളരെ എളുപ്പമായിരിക്കും. ഹവ്വ കല്പന ലംഘിച്ച് ആ വൃക്ഷഫം കഴിച്ച് പാപത്തിൽ വീണതുപോലെ, ആ ഫലം ആദാമിനും കൊടുത്ത് ദൈവീക കല്പന ലംഘിച്ച് പാപക്കുഴിയിൽ വീഴ്ത്തിയത്. അങ്ങനെ രുപേരും പാപം ചെയ്ത് ദൈവത്തോട് അനിഷ്ടം ചെയ്തതുമുതലാണ് അവരുടെയ കുടുംബജീവിതത്തിൽ പ്രശ്നങ്ങളും പ്രതികൂലങ്ങളും ഉായത്.

ഉല്പത്തി മൂന്നാമത്തെ അദ്ധ്യായത്തിലെ 12-ാം വചനത്തിൽ, ദൈവം

ആദാമിനോട് : നീ എന്തുകൊ് എന്റെ കല്പന ലംഘിച്ച് കഴിക്കുവാൻ പാടില്ലായെന്നു പറഞ്ഞ ഫലത്തെ നീ കഴിച്ചത്? അതിന് ആദാം പറഞ്ഞ മറുപടി, **നീ എനിക്കു തുണയായി തന്ന ഈ സ്ത്രീയാണ്** ഈ ഫലം തിന്നുവാൻ തന്നത്. അതുകൊാണ് ഞാൻ അത് കഴിച്ചത് എന്നുപറഞ്ഞു. ചില ദിവസങ്ങൾക്കുമുമ്പ് അവൻ പാടിയ പാട്ട്, നീ എനിക്ക് മാംസത്തിനു മാംസവും അസ്ഥികൾക്ക് അസ്ഥിയും എന്നാണ്. അങ്ങനെ പാടിയ ആദാം, ഇപ്പോൾ ദൈവത്തോടു പറയുന്നു നീ എനിക്കുതന്ന സ്ത്രീ എന്ന്. ഈ സമയത്ത് ഹവ്വയെ തന്റെ ഭാര്യ എന്നു പറയുവാൻ പോലും കൂട്ടാക്കിയില്ല, പകരം ഈ സ്ത്രീ എന്നു പറയുന്നു. ഇതിൽനിന്നും നമുക്കു ലഭിക്കുന്ന പാഠം, അവരുടെ കുടുംബ ജീവിതത്തിൽ ചെറിയ ഒരു വിള്ളൽ ഉായതായി കാണുന്നു.

**കുടുംബ ജീവിതത്തെ തകർക്കുന്നത്, ഭാര്യാ ഭർത്താവിനെ പിരിക്കുന്നത് പിശാചിന് വളരെ ഇഷ്ടം**

ദൈവത്താൽ സൃഷ്ടിക്കപ്പെട്ട കുടുംബത്തെ പിശാചായവൻ തകർക്കുവാൻ ശ്രമിക്കുന്നു. അത് എങ്ങനെ സംഭവിച്ചു? ഒറ്റയ്ക്ക് ഇരിക്കുമ്പോൾ ഹവ്വാ എടുത്ത തെറ്റായ തീരുമാനം കൊാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഭാര്യയോ ഭർത്താവോ ഒറ്റയ്ക്ക് എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും തെറ്റായ തീരുമാനങ്ങളായി മാറുവാൻ സാധ്യതയു്. അതുകൊാണ് ദൈവം നിങ്ങളെ ഒന്നായിരിക്കണം എന്ന് പറഞ്ഞത്. അതായത്, രുപേരും ഒരുമിച്ച് തീരുമാനങ്ങളെടുത്ത് കാര്യങ്ങൾ ചെയ്യണം. അതെക്കുറിച്ച് പുതിയ നിയമത്തിൽ പൗലോസ് തിമൊഥെയാസിന് ലേഖനം എഴുതുമ്പോൾ അവിടെ പറഞ്ഞിരിക്കുന്നത് : അന്ത്യാകാലത്ത് ദുർഘടസമയങ്ങൾ വരുമെന്നും, ‘‘പാപങ്ങളെ ചുമന്നുകൊ് നാനാമോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിച്ചിട്ടും

ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുള്ളവർ ആകുന്നു" (2 തിമൊ. 3:7) എന്നാണ്.

ഇത് വായിക്കുന്ന നമുക്ക് ഇതൊരു മുന്നറിയിപ്പാണ്. അവസാന ദിവസങ്ങളിൽ ചിലർ നമ്മുടെ വീട് തേടി വരും. അവർ വീടുകളിൽ കയറി, എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനിക്കുവാൻ വേി ഞാൻ പ്രാർത്ഥനക്കാരാണ്, പ്രാർത്ഥിക്കുവാൻ വന്നതാണ് എന്നൊക്കെ പറഞ്ഞ് സ്വാധീനിച്ച് വഴിതെറ്റിക്കും. അതിലൂടെ അവർ തെറ്റായ ആശയങ്ങളും ഉപദേശങ്ങളും നൽകി അവരിൽ ആശയകുഴപ്പങ്ങൾ ഉാക്കും. അതുവഴി കുടുംബ ബന്ധങ്ങൾ തകരുവാൻ സാദ്ധ്യതയു്. കൂടാതെ, ഭാര്യ ഒരു സഭയിൽ പോകും, ഭർത്താവ് മറ്റൊരു സഭയിൽ പോകും. മക്കൾ ഇതിൽ ഏതു സഭയിൽ പോകും എന്ന ആശയക്കുഴപ്പങ്ങൾ ഉാകും. ഇതെല്ലാം പിശാചിന്റെ തന്ത്രങ്ങളാണ്. അതുകൊ്, ഒരിക്കലും പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി കുടുംബജീവിതം തകർക്കരുത്. അതിനുവേത്, ഏതു തീരുമാനങ്ങൾ എടുത്താലം ഭാര്യയും ഭർത്താവും ഒരുമിച്ചിരുന്ന് ആലോചിച്ച്, ദൈവഹിതത്തിനനു സരിച്ച് പ്രവർത്തിക്കണം. അങ്ങനെയുള്ള കുടുംബങ്ങളിൽ ദൈവീക അനുഗ്രഹങ്ങൾ എപ്പോഴും ഉാകും.

അതിന് ഉദാഹരണമായി വേദപുസ്തകത്തിൽ നല്കിയിരിക്കുന്ന മനോഹയുടെയും ഭാര്യയുടെയും കുടുംബജീവിതത്തെ ന്യായാധിപന്മാരുടെ പുസ്തകം 13–ാം അദ്ധ്യായം 3 മുതൽ 12 വരെയുള്ള വചനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ മച്ചിയായ മനോഹയുടെ ഭാര്യയെ സന്ദർശിച്ച യഹോവയുടെ ദൂതൻ പ്രത്യക്ഷനായി അരുളിചെയ്ത കാര്യങ്ങൾ അവൾ ഉടനെ തന്നെ തന്റെ ഭർത്താവിനെ അറിയിക്കുന്നു. തുടർന്ന് മനോഹ

ദൈവത്തോട് ആലോചന പറയുകയും തുടർന്ന് അവരുടെ ആവശ്യപ്രകാരം ദൂതനെ വീും അവളുടെ അടുക്കൽ അയയ്ക്കുകയാണ്. രാമത് ദൂതൻ അവളെ സന്ദർശിക്കുമ്പോഴും വയലിൽ അവൾ ഒറ്റയ്ക്കായിരുന്നു. എന്നാൽ ദൈവദൂതനെ കപ്പോൾ തന്നെ അവൾ ഓടിച്ചെന്ന് തന്റെ ഭർത്താവിനെ അറിയിച്ച്, അവനെക്കൂട്ടി ദൂതന്റെ അടുക്കൽ വരികയും, ദൈവത്തിന്റെ അരുളപ്പാടുകൾ അവർ ഒരുമിച്ചു കേൾക്കുന്നു. അവിടെയാണ് അവരുടെ കുടുംബജീവിതം ധന്യമാകുന്നത്. അതുവരെയും മച്ചിയായിരുന്ന അവൾക്ക് അനുഗ്രഹിക്കപ്പെട്ട ഒരു ദൈവപൈതലിനെ നല്കി ആ കുടുംബത്തെ അനുഗ്രഹിച്ചു.

എന്നാൽ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ട കുടുംബത്തിൽ ജനിച്ചു വളർന്ന ശിംശോന്റെ ജീവിതത്തിലും ഒരു പ്രശ്നമുായി. അവന്റെ ബാല്യത്തിൽ അവന് കുടുംബവുമായിട്ട് ശരിയായ ബന്ധമില്ലായിരുന്നു. എന്റെ കാര്യങ്ങൾ ഞാൻ തന്നെ ചെയ്യും എന്ന തീരുമാനത്തോടെ അവൻ തന്നിഷ്ടം പോലെ പ്രവർത്തിച്ചു. മാതാപിതാക്കൾ ശൈശവം മുതലേ അവനെ ശാസിച്ചിട്ടില്ല എന്നു ഞാൻ മനസ്സിലാക്കുന്നു. അതിനെക്കുറിച്ച് അവനെ ഗുണദോഷിച്ചതായി കാണുന്നില്ല. ന്യായാധിപന്മാരുടെ പുസ്തകം 14–ാം അദ്ധ്യായം 1 മുതലുള്ള തിരുവചനങ്ങളെ വായിക്കുമ്പോൾ, അവിടെ അവൻ തിമ്നയിലേയ്ക്ക് പോയി ഒരു ഫെലിസ്ത്യ കന്യകയെ കതായും അവളെ വിവാഹം കഴിക്കുന്നതായും കാണുന്നു. ഇവിടെ മാതാപിതാക്കൾ, അവൻ തിമ്നയിലേക്കുള്ള യാത്രയെ തടഞ്ഞിരുന്നുവെങ്കിൽ തുടർന്നുള്ള നാശങ്ങളിലേക്ക് അവൻ പോകയില്ലായിരുന്നു. ഇവിടെ അവൻ ഫെലിസ്ത്യ കന്യകയെ വിവാഹം ചെയ്യുന്ന തീരുമാനം തന്റെ മാതാപിതാക്കളെ അറിയിച്ചു. എന്നാൽ മാതാപിതാക്കളുടെ അഭിപ്രായം അവൻ ചോദിച്ചില്ല. അവൻ പറയുന്നു, ഞാൻ അവളെ കു, എനിക്ക് ബോധിച്ചു, എനക്കു

അവളെ എടുക്കേണം എന്ന്. ഇന്നത്തെ യുവ തലമുറയുടെ കാര്യങ്ങളും അങ്ങനെ തന്നെയാണ്, തങ്ങളും ഇഷ്ടം നിറവേറണം. മനഃശാസ്ത്രജ്ഞർ പറയുന്നത്, 2000 നുശേഷം ജനിച്ച കുഞ്ഞുങ്ങളിൽ ഒരു മാറ്റം കാണപ്പെടുന്നു. അത് കുടുംബത്തോട് ചേർന്നു പോകാതെയുള്ള ജീവിതം. അത് കുടുംബത്തിലുള്ള സന്തോഷത്തെ നശിപ്പിക്കുന്നു. തിമ്നയിലേക്കു ശിംശോൻ പോകുന്നതിനുമുമ്പേ മാതാപിതാക്കൾ അറിഞ്ഞിരിക്കണം. അപ്പോൾ തന്നെ, അന്യജാതിയിൽ നിന്നും ഭാര്യയെ തിരഞ്ഞെടുക്കരുതെന്നും, വിശ്വാസികൾ വിശ്വാസികളിൽ നിന്നും തന്നെ തുണയെ തിരഞ്ഞെടുക്കണമെന്നും ദൈവീക കല്പനയെ ലംഘിക്കരുതെന്നും പറഞ്ഞിരിക്കണം. യേശു ക്രിസ്തു പറഞ്ഞു : ഒരുവൻ തന്റെ മകനെയോ മകളെയോ മാതാപിതാക്ക ളെയോ അധികമായി സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനായവനല്ല എന്ന്. അതായത്, ദൈവത്തേക്കാൾ അധികമായി ആരേയും സ്നേഹിക്കരുത്. ദൈവത്തിനു തന്നെ മുഖ്യസ്ഥാനം കൊടുക്കണം.

മകന്റെ തെറ്റായ തീരുമാനം നിറവേറ്റുവാൻ മാതാപിതാക്കളും ഒരുങ്ങി. തന്റെ മകനോടുള്ള വാത്സല്യത്തിൽ ദൈവത്തിന്റെ കല്പനയെ അലക്ഷ്യമാക്കി. ഇന്നത്തെ മാതാപിതാക്കൾക്ക് ഇതൊരു പാഠമായിരിക്കട്ടെ. നിങ്ങളുടെ മകനോ മകളോ അലക്ഷ്യമായ വസ്ത്ര ധാരണം നടത്തിയാലോ തലമുടിയെ മുള്ളൻ പന്നിയെപ്പോലെ വളർത്തിയാലോ മാതാപിതാക്കൾ, അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് ജീവിച്ച്, കുടുംബജീവിതത്തിൽ സാക്ഷ്യമില്ലാത്ത ജീവിതം നയിക്കുന്നു. ഇങ്ങനെ ശിംശോൻ തീരുമാനിച്ചപ്രകാരം ആ വിവാഹവും നടത്തുന്നു. എന്നാൽ വിവാഹശേഷം, കുറച്ചുദിവസം അവൻ വീട്ടിൽ നിന്നും മാറിയപ്പോൾ അവന്റെ അമ്മായി അപ്പൻ, അവന്റെ ഭാര്യയെ അവന്റെ തോഴനു വിവാഹം കഴിച്ചുകൊടുത്തു. കുടുംബജീവിതത്തിൽ ശിംശോനും അവന്റെ ഭാര്യയ്ക്കും പരസ്പരബന്ധം

ഇല്ലായിരുന്നു. അവന്റെ അമ്മായിഅപ്പൻ പറയുന്നത്, നിനക്കു അവളിൽ അനിഷ്ടമായി എന്നു ഞാൻ വിചാരിച്ചതുകൊ് അവളെ നിന്റെ തോഴനു കൊടുത്തു എന്നാണ്. ഒരു കാരണവും ഇല്ലാതെ അയാൾ അങ്ങനെ പറയുകയില്ല. കാരണം, ശിംശോൻ അവളെ കല്യാണം കഴിച്ചിട്ട് കുറെ നാളുകൾക്കുശേഷം അവൻ ഏറെ നാൾ അവളെ വിട്ടുപോയിരുന്നു. താൻ ഇഷ്ടപ്പട്ട ഒരുവളെ സ്വന്തമാക്കുകയും, അവളുടെ ശരീരസുഖത്തെ അനുഭവിച്ചിട്ട്, പെട്ടെന്ന് അവളെ അവനിൽ ഒരു ഇഷ്ടക്കുറവ് ഉാകുവാൻ കാരണമെന്താണ്? രുപേരുടേയും ജീവിതത്തിൽ ഉായ അപാകതകൾ അവന്റെ അമ്മായിഅപ്പന് മനസ്സിലായിക്കാണും. അതുകൊാണ് അയാൾ ശിംശോനോടു പറയുന്നത്, നിനക്കു അവളിൽ കേവലം അനിഷ്ടമായി എന്നു ഞാൻ വിചാരിച്ചത് എന്ന്. ചില കാര്യങ്ങൾ ചെയ്യുവാൻ ദൈവം അനുവദിക്കും എങ്കിലും അതൊന്നും ദൈവേഷ്ടം അല്ല എന്നുള്ളത് അവന്റെ മാതാപിതാക്കൾക്ക് അറിയാതിരുന്നു എന്ന് മനസ്സിലാക്കുന്നു. എന്തുകൊ് ദൈവം ഈ വിവാഹത്തിൽ നിന്നും അവനെ തടഞ്ഞിട്ടില്ല? ഒരു വ്യക്തി, ഇത് എന്റെ ഇഷ്ടമാണ്, എന്റെ ഇഷ്ടത്തിനു ജീവിക്കും എന്നു നിർബന്ധിച്ചാൽ ദൈവം എന്തുചെയ്യും? അവന്റെ ഇഷ്ടത്തിനുവിടും. എന്തുകൊന്നൊൽ, നീ യന്ത്രമല്ല ഒരു മനുഷ്യനാണ്. ആയതിനാൽ നിന്റെ ഇഷ്ടത്തിനു വിടുന്നു. ഇതിനെയാണ് ദൈവം മനുഷ്യനു കൊടുത്ത സ്വാതന്ത്ര്യം എന്നു പറയുന്നത്. നാം നല്ല തീരുമാനങ്ങൾ എടുക്കുകയാണെങ്കിൽ നല്ലതേ വരൂ. പക്ഷേ, നിന്റെ ഇഷ്ടം തീരുമാനിക്കുകയാണെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല. എന്റെ പ്രമാണങ്ങൾ ഞാൻ നേരത്തെ നിന്നെ അറിയിച്ചു. നീ അത് അലക്ഷ്യമാക്കി. എങ്കിലും ഞാൻ അത് നടത്തിതന്നു. അതിനുശേഷം വരുന്ന എല്ലാ ദോഷങ്ങളും നീ തന്നെ അനുഭവിക്കണം. അത് എന്റെ കുറ്റമല്ല. എന്നിരുന്നാലും എന്റെ ഉദ്ദ്യേശ്യത്തെ അവനിൽ എനിക്കു നിറവേറ്റിയേ തീരൂ.

ഇംഗ്ലീഷിൽ ഇതിനെക്കുറിച്ചു നാം പറയണമെങ്കിൽ, It was not the perfect will of God: It was the permissive will of God. ശിംശോൻ തിരഞ്ഞെടുത്തത്, ദൈവത്തിന്റെ ഇഷ്ടം അല്ല, ദൈവം അനുവദിച്ച ഹിതമാകുന്നു. പക്ഷേ എന്റെ പദ്ധതിയെ അവനിൽക്കൂടി തന്നെ നിവർത്തിക്കും എന്നു ദൈവം പറയുന്നു. ഫെലിസ്ത്യരുടെ കയ്യിൽ നിന്നും ദൈവമക്കളെ വിടുവിക്കുവാൻ ശിംശോന്റെ ഈ സാഹചര്യത്തെ ഞാൻ ഉപയോഗിക്കും എന്നു ദൈവം പറഞ്ഞു, അങ്ങനെ ശിംശോനിൽ പരിശുദ്ധാത്മാവ് ഇറങ്ങുകയും, ശിംശോൻ അവിടെ ധാരാളം കാര്യങ്ങൾ ദൈവത്തിനായി ചെയ്തു. അതേസമയം ഇടവേളകളിൽ, ദൈവത്തിന് ഇഷ്ടമില്ലാത്ത, അവിശുദ്ധമായ കാര്യങ്ങളും ചെയ്തു.

നമ്മുടെ ജീവിതത്തിലും ദൈവഹിതം പ്രവർത്തിക്കണമെങ്കിൽ പരസ്പരം സ്നേഹത്തിലും വിശ്വാസത്തിലും വിശ്വസ്തതയിലും ഒന്നുചേർന്ന് പ്രവർത്തിക്കണം. ദൈവഹിതം നിറവേറുവാൻ നിങ്ങളെ തന്നെ ദൈവസന്നിധിയിൽ പൂർണ്ണമായും സമർപ്പിക്കണം. എല്ലാ വിഷയങ്ങളും ആലോചിച്ച് ചിന്തിച്ചു ചെയ്യുവാനുള്ള ഭാഗ്യത്തെ ദൈവം നിങ്ങൾക്കു തരുവാൻ വേി നിങ്ങൾ ദൈവത്തോടു പ്രാർത്ഥിപ്പിൻ.

**ജാമക്കാരന്റെ കുറിപ്പ്:** യുവജനങ്ങൾക്ക് മേല്പറഞ്ഞ കാര്യങ്ങൾ വളരെ പ്രയോജനപ്പെടും. അവർക്ക് ജന്മം നൽകിയ മാതാപിതാക്കൾക്കും ദൈവവേലക്കാർക്കും ഇതിൽ നല്ല ആലോചനകൾ ഉ്. അത് നിങ്ങൾ വേവിധം പ്രയോജനപ്പെടുത്തണം. നിങ്ങളുടെ മക്കൾക്ക് അവളിൽ കവിഞ്ഞ വാത്സല്യം കൊടുക്കരുത്. മക്കളെ, സ്നേഹത്തോടെയും, ശാസിച്ചും വളർത്തുക.

ദൈവം നിങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

# നമ്മെയും നമ്മുടെ ദൈവവേലയേയും ശ്രദ്ധിക്കുന്ന ദൈവം

## നല്ല ശമര്യാക്കാരൻ

ദൈവത്തിന്റെ ഹൃദയത്തെ മനസ്സിലാക്കിയാൽ ദൈവവേലയ്ക്ക് ആവശ്യമുള്ള സ്ഥലങ്ങളെ തിരഞ്ഞെടുക്കുന്നത് എളുപ്പമാകും. വഴിയിൽ കാണുന്ന എല്ലാവരേയും അവഗണിച്ചുകൊ് നാം മുന്നോട്ടു യാത്ര ചെയ്യുകയാണെങ്കിൽ ദൈവത്തിന്റെ ഇഷ്ടത്തെ നിറവേറ്റുവാനുള്ള അവസരങ്ങളെ നമുക്ക് നഷ്ടമാകും. വഴിയിൽ അർദ്ധപ്രാണനായി ആളുകളെ കിട്ടും, മറ്റുള്ളവരെപ്പോലെ കാണാതെ പോകുകയാണെ ങ്കിൽ ദൈവം നമ്മെ അങ്ങോട്ടു കൊുപോയ അവസരം നഷ്ടമാകും. "ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നല്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും" (സങ്കീ. 1:1) എന്ന് നാം തള്ളിക്കളയേവരുടെ അടയാളം കാണുവാൻ സാധിക്കാതെ വരും. അതേസമയം, നാം നടക്കാത്ത, നില്ക്കാത്ത, ഇരിക്കാത്ത ഇടങ്ങളുടെ അടയാളങ്ങളെ നാം അറിഞ്ഞിരിക്കേത് ആവശ്യമാണ്.

## ദൈവമനുഷ്യന്റെ താമസം

ശൗൽ രാജാവ് അഭിഷേകം ചെയ്യപ്പെട്ടപ്പോൾ തേടിപ്പോയ കഴുതകൾ അകപ്പെടും എന്നും മൂന്നു മനുഷ്യർ സന്ദർശിക്കും എന്നും പ്രവാചകന്മാരുടെ

മുമ്പിൽ നീ ചെല്ലേിവരും. അപ്പോൾ ദൈവത്തിന്റെ ആത്മാവ് നിന്റെമേൽ ഇറങ്ങും എന്നു ശമുവേൽ പ്രവാചകൻ പറഞ്ഞ അടയാളങ്ങൾ എല്ലാം അന്നേദിവസം തന്നെ നിറവേറി (1 ശമു. 10:9). എന്നാലും ശൗലിന്റെ ജീവിതത്തിൽ മറ്റൊരു സന്ദർഭത്തിൽ "നീ എനിക്കു മുമ്പെ ഗില്ഗാലിലേയ്ക്ക് പോകേണം; ഹോമയാഗങ്ങളും സമാധാന യാഗങ്ങളും കഴിപ്പാൻ ഞാൻ നിന്റെ അടുക്കൽ വരും; ഞാൻ നിന്റെ അടുക്കൽവന്നു നീ ചെയ്യേതെന്തെന്നു പറഞ്ഞു തരുവോളം ഏഴു ദിവസം കാത്തിരിക്കേണം (1 ശമു. 10:8) എന്നു ശമുവേൽ പ്രവാചകൻ പറഞ്ഞത് ഉടനെ സംഭവിക്കാതെ, ഒരു വർഷത്തിനുശേഷമാണ് അത് സംഭവിച്ചത് (1 ശമു. 13:10). ശൗൽ ശമുവേലിന്റെ വാക്കിന് വില കൊടുക്കാതെ, ഗില്ഗാലിൽ ശമുവേൽ എത്തുവാൻ താമസിച്ചപ്പോൾ ഹോമയാഗം അവൻ തന്നെ കഴിച്ചു (1 ശമു. 13:9). നിശ്ചയിച്ചിരുന്ന ദിവസം താങ്കൾ എത്തിയില്ല, അതുകൊ് ഞാൻ ഇങ്ങനെ ചെയ്തു എന്ന് ശൗൽ തന്റെ പ്രവർത്തിയെ ന്യായീകരിച്ചു പറഞ്ഞപ്പോൾ അത് ദൈവത്തിന് അംഗീകരിക്കുവാൻ കഴിഞ്ഞില്ല (1 ശമു. 13:11–13).

പ്രിയമുള്ളവരേ, ദൈവമക്കൾ കാത്തിരിക്കേത് എത്ര ആവശ്യം. ചില ദൈവവേലക്കാർ, ദൈവവേലയ്ക്കായി പോകുമ്പോൾ ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങൾ ഉാകുമ്പോൾ താമസങ്ങൾ സംഭവിക്കാം. ഇത് മുഖാന്തരം ഇരുപക്ഷത്തും ഉാകാവുന്ന നഷ്ടങ്ങളെ നാം മനസ്സിലാക്കണം.

**കാണാതെപോയ പുരോഹിതൻ - ധൃതിയായിപ്പോയ മറ്റൊരു പുരോഹിതൻ**

യെരീഹോവിലേക്കുപോയ ഒരു മനുഷ്യൻ കള്ളന്മാരുടെ കയ്യിൽ

അകപ്പെട്ടു. അവർ അവന്റെ വസ്ത്രങ്ങളെ ഊരി അവനെ മുറിവേല്പിച്ച് അർദ്ധപ്രാണനായി വഴിയിൽ ഉപേക്ഷിച്ചുപോയി. അർദ്ധപ്രാണനായി വഴിയരികിൽ കിടക്കുന്നയാളെ യാദൃച്ഛയാ ക പുരോഹിതനും, ലേവ്യനും അവൻ കിടക്കുന്നതുകിട്ടും മാറി കടന്നുപോയി (ലൂക്കോ. 10:30–32) എന്നു നാം വായിക്കുന്നു. ഒരു പാരമ്പര്യത്തിനോ, ഒരു വ്യവസ്ഥിതിയ്ക്കോ, ഒരു ചടങ്ങിനോ കൂടുതൽ പ്രാധാന്യം കൊടുക്കുമ്പോൾ, മുഖ്യമായും നാം ചെയ്യേ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നില്ല. നമുക്കു മുമ്പിലുള്ള കാര്യങ്ങൾക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുന്നതുകൊ് ചില നല്ല പ്രവർത്തികളെ ചെയ്യാതെ അവിടെ നിന്നും രക്ഷപ്പെടാനാണ് പലരും ചിന്തിക്കുന്നത്. തങ്ങൾക്കു മുഖ്യമായ തെന്നു ചിന്തിക്കുന്ന ഭൗതീകകാര്യങ്ങൾക്കായി നാം മുമ്പോട്ടു പോകുമ്പോൾ നമുക്കു ചുറ്റും വിശന്നിരിക്കുന്നവരെ, ദരിദ്രരേയും, അവശതയിലായിരിക്കുന്നവരേയും പലപ്പോഴും മറക്കുന്നു്. പുരോഹിതനും ലേവ്യനും കൃത്യസമയത്ത് തങ്ങളുടെ ആരാധനാലയ ങ്ങളിൽ പോയി എത്തിക്കാണും. തങ്ങളുടെ പരമ്പരാഗത ചടങ്ങുകളെ നിവർത്തിച്ചിരിക്കും. പക്ഷേ അവർ വഴിയരികിൽ കിടന്നവനെയോ മരണത്തിനലേക്കു തള്ളിവിടുന്ന വ്യക്തികളായി മാറുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ ഈ ദൈവവേക്കാരുടെ പ്രവർത്തികൾ എണ്ണപ്പെട്ടിരിക്കും.

"എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല; അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊില്ല; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല എന്നു യേശു അരുളി ചെയ്തു" (മത്താ. 25:42–43). അപ്പോൾ നിങ്ങൾ പറയും: "കർത്താവേ,

ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നു എന്നു ഉത്തരം പറയും" (മത്താ. 25:44). അതിന് മറുപടി, നിങ്ങൾ വഴിയിൽ കിട്ടും ശ്രദ്ധിക്കാതെ പോയതാണ്. ചില കാര്യങ്ങൾ യാദൃച്ഛികമായി സംഭവിക്കാം. അതിനാൽ താമസവും ഉാകാം. എന്നാൽ നമ്മുടെ യാത്രകൾക്ക് ഒരു തടസ്സവും ഇല്ല. യാത്രാമദ്ധ്യേ ഇങ്ങനെ സംഭവിക്കുന്നവരെ സഹായിക്കുവാനും ശുശ്രൂഷിക്കുവാനുമാണ് ദൈവം ആഗ്രഹിക്കുന്നത്. അതുകൊാണ് യേശുക്രിസ്തുവിന്റെ വരവിനും താമസം ആയിക്കൊിരിക്കുന്നത്.

**ഇടയ്ക്ക് എണീറ്റുവന്ന യേശു – ധൃതിയായി വന്ന യേശു**

യേശു ജനങ്ങളെ പറഞ്ഞയച്ചശേഷം തന്റെ ശിഷ്യന്മാരോടുകൂടെ പടകിൽ കയറി അക്കരെയുള്ള ബെത്സെയിദയിലേക്കു പോകുവാൻ ധൃതി കാണിച്ചു. എന്നാൽ യേശു പ്രാർത്ഥിക്കുവാൻ വേി ഒരു മലയിൽ കയറി. യേശുവിന് അത് പ്രാർത്ഥനാസമയമാണ്. പക്ഷേ, ശിഷ്യർക്കോ നടുക്കടലിൽ ആപത്തായ സാഹചര്യങ്ങളിലായിരുന്നു. ശിഷ്യന്മാരുടെ കണ്ണുകൾക്ക് യേശുക്രിസ്തു മറഞ്ഞതായി കാണുന്നു. പക്ഷേ യേശു ക്രിസ്തുവിന്റെ കണ്ണുകൾ ശിഷ്യന്മാരെ നോക്കിക്കൊയേിരുന്നു. പക്ഷേ, തു വലിച്ച് വലയുന്നത് യേശു കു എന്നുതന്നെ നാം വചനത്തിൽ വായിക്കുന്നു. ശിഷ്യന്മാർക്ക് യേശു മറഞ്ഞിരിക്കുന്നതായി കാണപ്പെട്ടാലും, ദൈവദൃഷ്ടിയിൽ നാം കാണപ്പെടുന്നവരായിരിക്കുന്നു. ദൈവത്തിന്റെ കണ്ണുകൾ ഭൂമയിലൊക്കെയും ഊടാടിക്കൊിരിക്കുന്നു. ഈ വിഷയത്തിൽ നാം തെറ്റിദ്ധരിക്കുവാൻ പാടില്ല (2 ദിന. 16:9). അവന്റെ കണ്ണിനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയും ഇല്ല. "നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ

എവിടേയ്ക്കുപോകും? തിരുസന്നിധിവിട്ട് ഞാൻ എവിടേയ്ക്ക് ഓടും" (സങ്കീ. 139:7) എന്നു സങ്കീർത്തനക്കാരൻ പറയുന്നു. അവൻ സമീപസ്ഥനായ ദൈവം മാത്രം അല്ല, ദൂരസ്ഥനായ ദൈവവും ആകുന്നു (യിരെ. 23:23). ഒരിക്കൽ ശിഷ്യന്മാർ ഒരു പടകിൽ യേശുവിനൊപ്പം യാത്രയിലായിരുന്നപ്പോൾ യേശു നിദ്രയിലായിരുന്നു. ആ സമയത്ത് തിരമാലയും കൊടുങ്കാറ്റും ഉായി. അപ്പോൾ ശിഷ്യന്മാർ ഉറക്കെ, കർത്താവേ ഞങ്ങളെ രക്ഷിക്കണെ ഞങ്ങൾ നശിച്ചുപോകുന്നു എന്നു നിലവിളിച്ചപ്പോൾ (മത്താ. 8:25). യേശു എഴുന്നേറ്റു കാറ്റിനേയും കടലിനെയും ശാസിച്ചു. ഇവർ പടകിൽ കയറി യാത്ര പുറപ്പെട്ടപ്പോൾ യേശുവിനെ ഒറ്റയ്ക്ക് വിട്ടുവന്നല്ലോ എന്ന് അവർ ചിന്തിച്ചിരിക്കാം. ആ സമയത്ത് പ്രാർത്ഥനയ്ക്കായി കടന്നുപോയ യേശു പ്രാർത്ഥിക്കാതെ വേഗം തന്റെ ശിഷ്യന്മാരുടെ അടുക്കലേക്കു മടങ്ങിവന്നു. ഈ സമയം യേശു ധൃതിയിൽ കടലിലൂടെ നടന്നുവന്നതിന് ഒരു കാരണമു്. ശിഷ്യന്മാർ കയറിയ പടകല്ലാതെ അവിടെ വേറെ ഒരു പടകും ഇല്ല (യോഹ. 6:22). നമുക്കു മാത്രമാണ് പടകിന്റെ ആവശ്യമുള്ളത്. എന്നാൽ യേശുവിനോ അവന്റെ പാദം മാത്രം മതി. യേശു കടലിന്മേൽ നടന്നു അവരുടെ അടുക്കൽ ചെന്നു അവരെ കടന്നുപോകുവാൻ ഭാവിച്ചു. ശിഷ്യന്മാർ, സഹായിക്കുവേി വരുന്നവനെ മനസ്സിലാക്കാതെ യേശുവിനെ ക് ഭൂതം എന്നു നിരൂപിച്ചുകൊ് നിലവിളിച്ചു.

ചില പ്രശസ്തരായ ദൈവവേലക്കാരെ ജനങ്ങൾ തേടി വരുമ്പോൾ ആ ദൈവവേലക്കാരൻ പ്രാർത്ഥനയിലായിരിക്കുന്നു, അതുകൊ് അദ്ദേഹത്തെ ഇപ്പോൾ കാണുവാൻ പറ്റുകയില്ലായെന്ന് അവരുടെ സഹ പ്രവർത്തകർ നുണ പറയും. ഇങ്ങനെ മറുപടി നൽകുന്നത് ശരിയാണോ

എന്നു ചിന്തിച്ചുനോക്കിയാൽ, മുറിവേറ്റവർക്കാണ് ശുശ്രൂഷയുടെ ആവശ്യം എന്ന് അറിയുവാൻ സാധിക്കും.

**പട്ടണത്തിൽ - പട്ടണത്തിനുപുറത്ത് - വരുന്ന വഴിയിൽ**

യേശുക്രിസ്തു നയീൻ പട്ടണത്തിനു സമീപിച്ചപ്പോൾ മരിച്ചു പോയ ഒരുവനെ അടക്കം ചെയ്യുവാനായി കൊുവന്നു. വിധവയായ അവന്റെ അമ്മ കരഞ്ഞുകൊിരുന്നു. ശവമഞ്ചം പട്ടണത്തിനു പുറത്തു വന്നു കൊിരുന്നപ്പോൾ യേശു പട്ടണത്തിനുള്ളിലേയ്ക്കു പ്രവേശിക്കുകയായിരുന്നു. ഇതു യാദൃശ്ചികമായി സംഭവിച്ചത് എന്ന് ചിലർ പറഞ്ഞാലും, യേശു വിധവയെ നോക്കി, അവളുടെ കണ്ണീർ ക് മനസ്സലിഞ്ഞ് അവളെ നോക്കി, കരയേ എന്നു പറഞ്ഞ് ശവമഞ്ചത്തിന്റെ അടുക്കൽ വന്നു തൊട്ടു. അപ്പോൾ മഞ്ചം ചുമന്നവർ നിന്നു. അപ്പോൾ യേശു: ബാല്യക്കാരാ എഴുന്നേല്ക്ക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. ആ നിമിഷത്തിൽ തന്നെ ബാല്യക്കാരൻ എണീറ്റു സംസാരിക്കുവാൻ തുടങ്ങി. അവനെ അവന്റെ അമ്മയെ ഏല്പിച്ചു. അവിടെ നിന്ന എല്ലാവർക്കും ഭയമായി. മഹാ പ്രവചാകൻ നമ്മുടെ അടുക്കൽ വന്നിരിക്കുന്നു എന്നും, ദൈവം തങ്ങളുടെ മക്കളെ സന്ദർശിച്ചിരിക്കുന്നു എന്നും പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തി (ലുക്കോ. 7:12–16). കരഞ്ഞുകൊിരുന്നവർക്കെല്ലാം സന്തോഷം ഉായി.

പ്രിയമുള്ളവരെ, ദുഃഖത്തോടെയിരിക്കുന്ന ഒരു കുടുംബത്തെ വഴിയിൽ വെച്ചുക് അവരെ കാണാത്തതുപോലെ യേശു പട്ടണത്തിൽ പ്രവേശിച്ചിരുന്നുവെങ്കിൽ ആ പട്ടണം നിങ്ങൾക്ക് ശൂന്യമായി തന്നെയിരിക്കും. പട്ടണത്തിന്റെ വെളിയിൽ, പട്ടണത്തിലുള്ള ജനങ്ങളെല്ലാം

മരിച്ചവന്റെ പിന്നാലെ പോയിക്കഴിഞ്ഞാൽ പിന്നെ പട്ടണത്തിലുള്ള ആർക്കുവേിയാണ് സുവിശഷിക്കുന്നത്. നിൽക്കേ യിടത്തു നിന്നാൽ അതിനെ തന്നെ പ്രസംഗ പീഠമാക്കി മാറ്റാൻ സാധിക്കും.

**വഴിയരികിലെ കുരുടനായ മനുഷ്യൻ**

യേശുവും തന്റെ ശിഷ്യന്മാരും യെരീഹോ പട്ടണത്തിലേക്കു വന്നിട്ട് അവിടെ നിന്നും പുറപ്പെടുമ്പോൾ, ക്രിസ്തുവിനാൽ സൗഖ്യം പ്രാപിക്കേവനായ ഒരു മനുഷ്യനെ വിട്ടുപോകേതായിരുന്നു. തിമായിയുടെ മകനായ ബർത്തിമായി എന്നു പേരുള്ളവൻ വഴിയരികെയിരുന്ന് ഭിക്ഷ യാചിച്ചുകൊിരുന്ന അന്ധനായ ആ മനുഷ്യൻ (മർക്കൊ. 10:46). യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണ കാണിക്കേണമേ എന്നു നിലവിളിച്ചപ്പോൾ അനേകർ അവനെ വിലക്കി (മർക്കൊ. 10:48). എന്നാലും യേശു അവിടെ തന്നെ നിന്നു (മർക്കൊ. 10:49). ഒരുപക്ഷെ അവൻ യേശുക്രിസ്തുവിനാൽ കാണാതെ പോയിരുന്നുവെങ്കിൽ യേശുവിനെക്കുറിച്ച് അവന്റെ മനസ്സിൽ വലിയ ഭാരമുാകുമായിരുന്നു. യേശുക്രിസ്തു എന്നെ കാണാതെ പോയല്ലോ എന്നു അവൻ പരിഭവിച്ചിരിക്കുമായിരുന്നു. പട്ടണത്തിന്റെ അകത്തുായിരുന്ന നയീനിലെ വിധവയുടെ മകൻ പട്ടണത്തിനു പുറത്തേക്കു കുഴിയും നോക്കി പോയിരുന്നു. യേശു അവന്റെ ശവമഞ്ചത്തെ തൊട്ടു അവനെ ജീവനോടെ എഴുന്നേല്പിച്ച് അവന്റെ അമ്മയെ ഏല്പിച്ചതുപോലെ, ഇവിടെ യരീഹോ പട്ടണം വിട്ട് പുറത്തേക്കു പോകുമ്പോൾ കണ്ണു കാഴ്ചയില്ലാത്ത കുരുടനെ തൊട്ടു സൗഖ്യമാക്കിയത് അത്ഭുതം തന്നെയല്ലേ. യേശുക്രിസ്തുവിനോടൊപ്പം സഞ്ചരിച്ചിരുന്ന ജനത്തോടൊപ്പം, കാഴ്ച പ്രാപിച്ച കുരുടനും അവനെ അനുഗമിച്ചു. യേശുവിനാൽ

സൗഖ്യമാക്കപ്പെട്ടവന്റെ സാക്ഷ്യം യേശു ക്രിസ്തുവിന്റെ സുവിശേഷയാത്രയിൽ മഹത്വപ്പെടുവാൻ കാരണമായി. ശിശുക്കളെ അവന്റെ അടുക്കൽ കൊുവരുവാൻ ശ്രമിച്ചപ്പോൾ ശിഷ്യന്മാർ അവരെ തടഞ്ഞു. എന്നാൽ, യേശു പറഞ്ഞു: ശിശുക്കളെ, എന്റെ അടുക്കൽ വരുവാൻ വിടുവിൻ.

യേശുവും ശിഷ്യന്മാരും ഗലീലിക്കുനേരെയുള്ള ഗെരസേന്യ ദേശത്തു പടകിൽ നിന്നും കരക്കിറങ്ങിയപ്പോൾ ബഹുകാലമായി ഭൂതങ്ങൾ ബാധിച്ചോരു മനുഷ്യൻ, ബഹുകാലമായ വസ്ത്രം ധരിക്കാതെയും വീട്ടിൽ പാർക്കാതെയും ശവക്കല്ലറകളിൽ താമസമാക്കിയവനുമായ അവൻ യേശുവിനെ കിട്ടു നിലവിളിച്ചു. അവനെ നമസ്കരിച്ചു; യേശുവേ, മഹോന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കും നിനക്കും, തമ്മിൽ എന്തു? എന്നെ ഉപദ്രവിക്കരുതെ എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു ഉറക്കെപ്പറഞ്ഞു. അശുദ്ധാത്മാവിനോടു ആ മനുഷ്യനെ വിട്ടുപോകുവാൻ കല്പിച്ചിരുന്നു. അവൻ പിശാചിനോടു കല്പിച്ചതു വേദപുസ്തകത്തിൽ കാണുന്നില്ല. അതുകൊ് ആ ലെഗ്യോനോടു സംസാരിക്കുന്നതിനുമുമ്പ് യേശു ഭൂതം ബാധിച്ചവനോടു സംസാരിക്കുന്നത് വ്യക്തമായി കാണിക്കുന്നല്ലോ. ഭൂതങ്ങൾ ആ മനുഷ്യനെ വിട്ടു പന്നികളിൽ കടന്നപ്പോൾ കൂട്ടം കൂട്ടത്തോടെ തടാകത്തിലേക്കു പാഞ്ഞു വീർപ്പുമുട്ടി ചത്തു. അതു സംഭവിച്ചതു മേയ്ക്കുന്നവർ കിട്ടു ഓടിപ്പോയി പട്ടണത്തിലും നാട്ടിലും അറിയിച്ചു (ലൂക്കോ. 8:32–34). അവിടെ നടന്ന അത്ഭുതം സംഭവിച്ചത് നാട്ടിലുള്ള വരോടെല്ലാം അറിയിക്കപ്പെട്ടു എന്നാലും യേശുക്രിസ്തു ആ സ്ഥലത്തു നിന്നും തുരത്തപ്പെട്ടു. ഗെരസേന്യദേശത്തിലെ ജനസൂഹമെല്ലാം ഭയപരവശരായി തങ്ങളെ വിട്ടുപോകേണം എന്നു അവനോട് അപേക്ഷിച്ചു. അങ്ങനെ അവർ പടകു കയറി മടങ്ങിപ്പോന്നു (ലൂക്കോ. 8:37).

യാദൃശ്ചികമായി നടന്ന ഈ സംഭവത്താൽ, ഒരു മനുഷ്യനു ലഭിച്ച സൗഖ്യം കാരണം, ഭൂതം അവനെ വിട്ടുപോയതിനാൽ, യേശു ആ പട്ടണത്തിനുള്ളിൽ പ്രവേശിക്കേ അവസരം നഷ്ടപ്പെട്ട്, അവന് മടങ്ങിപ്പോകേ സാഹചര്യം വന്നുചേർന്നു. ഇതുകൊ് സംഭവിച്ച തെന്തെന്നാൽ ഭൂതങ്ങൾ മാറിയശേഷം ആ മനുഷ്യന് സൗഖ്യമായി യേശുവിനോട് ചേരുവാൻ അനുവാദം ചോദിച്ചു. അതിന് യേശു : നീ വീട്ടിൽ മടങ്ങിച്ചെന്നു ദൈവം നിനക്കു ചെയ്തതു ഒക്കെയും അറിയിക്ക എന്നുപറഞ്ഞ് അവനെ അയച്ചു (ലൂക്കൊ. 8:39). അതുപോലെ അവൻ യേശു തനിക്കു ചെയ്തതു ഒക്കെയും പട്ടണത്തിൽ എല്ലായിടവും അറിയിച്ചു. അവൻ ആവശ്യപ്പെട്ടപ്രകാരം അവനേയും തന്നോടൊപ്പം ചേരുവാൻ പറഞ്ഞിരുന്നുവെങ്കിൽ അവിടെ നടന്ന അത്ഭുതത്തെ അറിയിക്കുവാൻ അവിടെ ആരും ഇല്ലാതെ പോകുമായിരുന്നു. എങ്കിലും ഇത് നമുക്ക് നഷ്ടമല്ല എന്നത്, യേശുക്രിസ്തു വീും അതേ സ്ഥലത്തു വന്നപ്പോൾ ജനങ്ങളെല്ലാം യേശുവിനെ കാത്തിരുന്നു. സന്തോഷമായിട്ട് അവരെല്ലാം യേശുവിനെ സ്വീകരിച്ചു. ഇതിനെല്ലാം കാരണം യാദൃശ്ചികമായി നടന്ന അത്ഭുതം തന്നെയാണ്. ഇത് അവന്റെ ദൈവവേലയെ എളുപ്പമുള്ളതാക്കി.

പ്രിയമുള്ളവരെ, നമ്മെ പ്രതീക്ഷിച്ചു കാത്തിരിക്കുന്ന മക്കളെ നാം വഞ്ചിക്കരുത്. അവരെ നാം കിട്ടും കാണാതെ പോകുവാൻ പാടില്ല. വഴിയിൽ കാത്തിരിക്കുന്ന ജനങ്ങൾക്ക് ദൈവീകസ്നേഹം പങ്കുവെക്കുന്നത് നാം ഓരോരുത്തരുടെയും ചുമതലയാണ്. “ദൈവം പറയുന്നു : കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കുകിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും” (ലൂക്കോ. 6:38).

## ജീവിതനാളുകളെ എണ്ണുന്ന ജ്ഞാനം

- ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ (സങ്കീ. 90:12).
- ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ (എഫെ. 5:16).
- മാനസാന്തരപ്പെട്ടവരുടെ ജീവിതത്തിൽ അവർ അനുഭവിക്കുന്ന കഷ്ടതകൾ, രോഗങ്ങൾ ഇതൊക്കെ അല്പകാലത്തേയ്ക്കു മാത്രമാണ്. കാരണം, ദൈവമക്കൾ കഷ്ടം അനുഭവിക്കുന്നത് ആവശ്യമാകയാൽ ആ കഷ്ടം നമുക്ക് ലഭിക്കുന്നതോർത്ത് സന്തോഷപ്പെടുവിൻ. ഈ കഷ്ടങ്ങൾ നിങ്ങൾക്കുാകുന്നത് നിങ്ങൾ ദൈവത്തിന്മേൽ വയ്ക്കുന്ന വിശ്വാസം സത്യമായത് എന്നു കാണിക്കാനാണ്, എന്നാലും ഈ കഷ്ടങ്ങൾ എല്ലാം അല്പകാലം മാത്രം തന്നെ. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചക്കും തേജസ്സിന്നും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും (1പത്രൊ. 1:6, 7).

SEPTEMBER -2024

# Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
India - Rs.60/
Foreign - Rs.600/

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.